ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് വൺ കോഴ്സ്

89 (1125) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് വൺ കോഴ്സ് ആരംഭിക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) ഏതൊക്കെ വിഷയങ്ങളിൽ ക്ലാസ്സ് അനുവദിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) മേൽപ്പറഞ്ഞ കാര്യത്തിൽ സ്കൂൾ അധികൃതരുടെ അപേക്ഷ നിയമസഭാ സാമാജികന്റെ ശിപാർശയോടുകൂടി അധികാരികൾക്ക് ലഭിച്ചിരുന്നുവോ ;

(ഡി) എങ്കിൽ സ്കൂൾ അധികൃതർ ആവശ്യപ്പെട്ട വിഷയത്തിൽ ക്ലാസ് ആരംഭിക്കുവാൻ ഉതകുംവിധം അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(ഇ) പ്രസ്തുത സ്കൂളിലേയ്ക്കുള്ള അദ്ധ്യാപക നിയമനം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) 24-11-2014-ലെ സ.ഉ.(കൈ) നമ്പർ 247/14/പൊ.വി. പ്രകാരം ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിനെ 2015-16 അധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തിയിട്ടുണ്ട്.

(ബി) സയൻസ് - കോഴ്സ് കോഡ് -1

കൊമേഴ്സ് - കോഴ്സ് കോഡ് - 39

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ഇ) അധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly